**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 15.06.2012 ൽ
**ചോദ്യം നമ്പർ.1241** **മറുപടിയ്ക്ക്**

# തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണറോഡുകളുടെ വികസനപദ്ധതി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീമതി ജമീലാ പ്രകാശം | | ശ്രീ. **കെ.സി. ജോസഫ്** (**ഗ്രാമവികസനവും ആസൂത്രണവും** സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| **എ.** | തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണറോഡുകളുടെ അവസ്ഥ കണക്കിലെടുത്ത് ആ റോഡുകളുടെ വികസനത്തിന് വേണ്ടി ഒരു പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | **എ.** | തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണറോഡുകളുടെ വികസനത്തിനായി പ്രത്യേക പദ്ധതി പരിഗണനയിലില്ല. എന്നാൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പി.എം.ജി. എസ്.വൈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| **ബി.** | പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | **ബി.** | 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 720 കി.മീ ദൈർഘ്യം വരുന്ന റോഡുകൾ ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഫേസ് എട്ടിൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക തിരുവനന്തപുരം ജില്ലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ